(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നത്; ഓരോ പദ്ധതിക്കുമായി മാറ്റിവച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) വിളനാശവും വിലത്തകർച്ചയുംമൂലം കടക്കെണിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് 105690.75 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-1-2016 വരെ 45287.21 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(സി) അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

കാർഷിക മേഖലയിലെ കർമ്മ പദ്ധതികൾ

200 (1575) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ കാർഷിക മേഖലയിൽ പുത്തനുണർവ്വിന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷിക മേഖലയിൽ പുത്തനുണർവ്വിന് നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു:

ജൈവകൃഷി പദ്ധതി

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

അഗ്രോ സർവ്വീസ് സെന്ററുകൾ

കാർഷിക കർമ്മസേന

വിള പരിപാലന പദ്ധതി

ഹൈടെക് കൃഷി

നീര-ഉൽപ്പാദനം വിതരണം

ഇ-പേയ്മെന്റ് സംവിധാനം

കേര സമൃദ്ധി.

(ബി&സി)

ജൈവ കൃഷി പദ്ധതി

സുരക്ഷിതമായ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ (സേഫ് ടു ഈറ്റ്) ലഭ്യത ഉറപ്പുവരുത്തുക, പുതുതലമുറയിൽ ജൈവകൃഷിയുടെ പ്രാധാന്യം സംബന്ധിച്ച് അവബോധം വളർത്തിയെടുക്കുക, മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുക വഴി പരിസ്ഥിതി മലിനീകരണം പരമാവധി കുറയ്ക്കുക, ജൈവ ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യത പ്രയോജനപ്പെടുത്തുക, കേരള സംസ്ഥാനത്തെ ഘട്ടം ഘട്ടമായി ഒരു ജൈവ സംസ്ഥാനമാക്കി മാറ്റുക.

പദ്ധതിക്കായി 2012-13-മുതൽ 2014-15 വരെ 25.193 കോടി രൂപ അനുവദിക്കുകയും 2015-16-ൽ 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുക, പച്ചക്കറിയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, വരും തലമുറയിൽ കൃഷിയുടെ പ്രാധാന്യം സംബന്ധിച്ച അവബോധം വളർത്തിയെടുക്കുക,

കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, അതുവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 2012-13 മുതൽ 2014-15 വരെ 163.387 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. 2015-16-ൽ പദ്ധതിക്കായി 64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന

നിലം ഒരുക്കൽ മുതൽ വിളവെടുപ്പുവരെ കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും കാർഷിക യന്ത്രങ്ങളും ഉൽപ്പാദനോപാധികളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന സംവിധാനം സജ്ജമാക്കുക.

ബയോ ഫാർമസി, നഴ്സറി സ്ഥാപിക്കൽ, മണ്ണുപരിശോധനാ ലാബുകൾ സ്ഥാപിക്കൽ എന്നിവയിലൂടെ കർഷകർക്ക് ജൈവ ഉൽപ്പാദനോപാധികൾ ലഭ്യമാക്കൽ, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കൽ, മണ്ണുസാമ്പിളുകൾ പരിശോധിച്ച് മണ്ണിന്റെ പോഷകനിലവാരം വിലയിരുത്തി ശാസ്ത്രീയ കൃഷി അവലംബിക്കുന്നതിനാവശ്യമായ ശിപർശകൾ ലഭ്യമാക്കൽ.

2012-13 മുതൽ 2014-15 വരെ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കൽ, അടിസ്ഥാന സൗകര്യ വികസനം, കാർഷിക യന്ത്ര സമാഹരണം, പരിശീലനം, നിലവിലുള്ള സെന്ററുകളുടെ ശാക്തീകരണം എന്നിവയ്ക്കായി 23.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 10.50 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

കാർഷിക കർമ്മസേന

പരിശീലനം സിദ്ധിച്ച കർഷക തൊഴിലാളികളുടെ സേവനത്തോടൊപ്പം കാർഷിക യന്ത്രങ്ങളുടെ വിനിയോഗവും ഉറപ്പുവരുത്തുന്നു.

കാർഷിക കർമ്മസേന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ അനുവദിച്ചു. ഈ സാമ്പത്തിക വർഷം 428.332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വിള പരിപാലന പദ്ധതി

വിളകളുടെ കീടരോഗബാധ മുൻകൂർ മനസ്സിലാക്കി ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ഇവ നിയന്ത്രിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും രൂപീകരിച്ചിട്ടുള്ള വിള ആരോഗ്യ ക്ലിനിക്കുകളുടെ സഹായത്തോടെ ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ എലി നശീകരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതുവഴി എലി നശീകരണം സാദ്ധ്യമാക്കുക, പഞ്ചായത്തുതലത്തിൽ ജൈവ വളങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള ജൈവ വളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

കർഷകർക്ക് വിള ആരോഗ്യ പരിപാലനത്തിൽ പരിശീലനവും കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള അവസരങ്ങളും സജ്ജമാക്കുക.

പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ, കേരള സംസ്ഥാന പെസ്റ്റ് മാനേജ്മെന്റ് സെന്റർ എന്നിവയുടെ ശാക്തീകരണത്തിലൂടെ കർഷകർക്ക് പ്രയോജനകരമാംവിധം ഈ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 26.35 കോടി രൂപ അനുവദിക്കുകയും നടപ്പുസാമ്പത്തിക വർഷം 16.30 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

<u>ഹൈടെക് കൃഷി</u>

ആധുനിക കൃഷിരീതികൾ കർഷകർക്ക് പരിചയപ്പെടുത്തുക, പ്രതികൂല കാലാവസ്ഥയിലും കൃഷി ലാഭകരമായി നടപ്പിലാക്കുക, സുരക്ഷിത പച്ചക്കറികൾ (safe to eat) ലഭ്യമാക്കുക, ചെലവുകുറഞ്ഞ സാങ്കേതിക പോളി ഹൗസ് മാതൃകകൾ വികസിപ്പിക്കുക, കൃത്യതാ കൃഷിയുടെ സാദ്ധ്യതകൾ കർഷകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക, സർക്കാർ കൃഷി ഫാമുകളിൽ ഹൈടെക് കൃഷി അവലംബിക്കുക. ഈ പദ്ധതിക്കായി 2012-13 മുതൽ 2014-15 വരെ 30 കോടി രൂപ അനുവദിക്കുകയും നടപ്പുസാമ്പത്തിക വർഷം 4.1 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

<u>നീര ഉൽപ്പാദനം</u>

നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നമായ നീരയുടെ ഉൽപ്പാദനത്തിന് പ്രോത്സാഹനം നൽകുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നീര ഉൽപ്പാദനം ലക്ഷ്യമിട്ടുകൊണ്ട് നാളീകേര കൃഷി പുനരുജ്ജീവിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുക.

തെങ്ങിൻ പൂക്കുലയിൽനിന്ന് കേര ചക്കരയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക, നീര ഉൽപ്പാദനം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 2013-14 മുതൽ 2014-15 വരെ 4.10 കോടി രൂപയും നടപ്പുസാമ്പത്തിക വർഷം 1.0 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇ-പേയ്മെന്റ്

വിവിധ പദ്ധതികളിലൂടെ കർഷകർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ നേരിട്ട് കർഷകന്റെ അക്കൗണ്ടിൽ ലഭ്യമാക്കുക വഴി ആനുകൂല്യം യഥാസമയം യഥാർത്ഥ കർഷകന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ഇ-പേയ്മെന്റ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ സർക്കാർ അനുമതി ലഭ്യമാക്കി ഇ-പേയ്മെന്റ് സോഫ്റ്റ്വെയർ കൈകാര്യം ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകി. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിന് റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പുവച്ചു.

കേരസമൃദ്ധി

നാളീകേര മേഖലയിലെ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കുറിയ ഇനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുക.

ഇതിനായി കുറിയ ഇനം തെങ്ങിൻ തൈകളും സങ്കരയിനം തെങ്ങിൻതൈകളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് ഹൈബ്രിഡൈസേഷൻ പ്രവൃത്തികൾക്ക് പരിശീലനവും സാമ്പത്തിക സഹായവും മേൽത്തരം കുറിയ ഇനം തെങ്ങുകൾ കണ്ടെത്തി വിത്തുതേങ്ങ സംഭരിച്ച് അവയിൽനിന്ന് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുവാൻ സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്.

കാർഷിക മേഖലയുടെ അടിസ്ഥാന വികസന പദ്ധതി

201 (1576) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അടിസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി എം.എൽ.എ.യുടെ ഉപരിപത്രത്തോടെ 28-1-2015-ന് സമർപ്പിച്ച കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ മാക്കി-നടുവയൽ, പുഞ്ചാവി-കല്ലരാവി, മടിക്കൈ-കുണ്ടേൻ വയൽ, അയ്യങ്കാവ്-ചുള്ളിക്കര, കിനാനൂർ, ചെന്തളം എന്നീ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;